## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **6656** **09.07.2014** ൽ മറുപടിയ്ക്ക്

### ഇ-പാസ് സംവിധാനം

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| | **ശ്രീ. ജോസഫ് വാഴക്കൻ<br>" കെ. ശിവദാസൻ നായർ<br>" പി.എ. മാധവൻ<br>" എം.എ.വാഹീദ്** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ ധാതുക്കളുടെ കൈകാര്യവും കൈമാറ്റവും നിയന്ത്രിക്കുവാൻ ഇ-പാസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ)<br>&<br>(ബി) | നിലവിൽ നടപ്പിലാക്കിയിട്ടില്ല. മൈനിംഗ് & ജിയോളജി വകുപ്പിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 'നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ'(NIC) മുഖാന്തിരം ഇ-പാസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ധാതുക്കളുടെ കള്ളക്കടത്ത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഈ സംവിധാനത്തിലുള്ളതെന്ന് വിശദമാക്കുമോ; | (സി) | ഇ-പാസ് സംവിധാനം നിലവിൽ വരുമ്പോൾ ധാതുക്കളുടെ ഖനനം, സ്റ്റോക്ക്, വിപണനം, കടത്ത്, സർക്കാരിന് ലഭിക്കുന്ന റോയൽറ്റി തുടങ്ങിയ വരുമാനം എന്നിവക്കെല്ലാം ഒരു accountability യും സുതാര്യതയും ഉണ്ടാകും. തന്മൂലം ഖനന മേഖയിൽ ഇപ്പോൾ നിലവിലുള്ള എല്ലാ വിധ ക്രമക്കേടുകളും നിയന്ത്രിക്കാൻ സാധിക്കും. അംഗീകൃത ധാതു ഉത്പാദകരും ധാതു വിപണനം നടത്തുന്നവരും വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും യൂസർ നെയിമും പാസ്‌വേർഡും ഉപയോഗിച്ച് അനുവദിച്ചിട്ടുള്ള അളവിന്റെ അടിസ്ഥാനത്തിൽ ഇ-പാസ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ടി പാസ്സിൽ 2 സി ബാർക്കോഡും എസ്. എം.എസ് മുഖേന പാസിന്റെ സാധുത അറിയുവാനുള്ള കോഡും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഏതൊരാൾക്കും വെബ്സൈറ്റിൽ നിന്നും ടി പാസ്സിന്റെ വിവരങ്ങൾ ലഭിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | ടി പാസ് ലഭിക്കുവാനായി ധാതുക്കൾ കയറ്റുന്ന വാഹനങ്ങൾ വാഹന ഉടമകൾതന്നെ എൻറോൾചെയ്യേണ്ടതുമാണ്. ഇ-പാസ് നിലവിൽ വന്നാൽ അനധികൃത ധാതുക്കടത്ത് ഒരു പരിധിവരെ തടയുവാൻ സാധിക്കും. |
| (ഡി) | ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ടെന്നുള്ള; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കേന്ദ്ര സർക്കാർ സ്ഥാപനമായ 'നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ'(NIC) മുഖേന ഇ-പാസ് സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ ഹാർഡ്‌വെയർ വാങ്ങിയിട്ടുണ്ട്. സോഫ്റ്റ്‌വെയർ വികസിപ്പിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**